**പതിനഞ്ചാം കേരള നിയമസഭ**

മൂന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ--സംഗ്രഹം**

2021 ഒക്ടോബർ 06, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

6 (*61 ) മുതലപ്പൊഴിയിലെ അപകടങ്ങൾ ഒഴിവാക്കാൻ നടപടി

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, മുതലപ്പൊഴി ഹാർബർ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഹാർബർ മുഖത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 11 മത്സ്യത്തൊഴിലാളികളും 2011 മുതൽ നാളിതുവരെ അഞ്ചുതെങ്ങ് മുതൽ വേളി വരെയുള്ള പ്രദേശത്ത് 58-ഓളം പേരും മരണമടഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. അഴിമുഖത്ത് ഡ്രഡ്ജിംഗ് നടത്തി ആഴം ഉറപ്പാക്കുന്നതിന്

നടപടികളാരംഭിച്ചിട്ടുണ്ടെന്നും സ്ഥിരമായ sand bypassing സംവിധാനം ഏർപ്പെടുത്തുന്നതിന് പരിസ്ഥിതി ആഘാത പഠനം നടത്താൻ നിയോഗിച്ച Ultratech Agency, Kochi-യുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ആന്വൽ ഡ്രഡ്ജിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും കാസർഗോഡ്, വിഴിഞ്ഞം, മുതലപ്പൊഴി ഹാർബറുകളിൽ അടിയന്തരമായി റെസ്ക്യൂ സംവിധാനമേർപ്പെടുത്തുമെന്നും ബോട്ടപകടത്തിൽ മരണമടഞ്ഞ ആറാട്ടുപുഴ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയം ക്യാബിനറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണെന്നും തീരസംരക്ഷണത്തിന് ഈ വർഷം 1500 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*62) <u>വന്യജീവി ആക്രമണ പ്രതിരോധം</u>

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, വന്യജീവി ആക്രമണം തടയുന്നതിന് വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആനപ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, കുങ്കി സ്ക്വാഡുകൾ തുടങ്ങിയവയും

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ജനജാഗ്രതാ സമിതികൾ, വന്യമൃഗ സാന്നിദ്ധ്യം മുൻകൂട്ടി അറിയിക്കുന്നതിന് ഏർളി വാർണിംഗ് സിസ്റ്റം, നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമുകൾ എന്നീ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വന്യജീവി ആക്രമണം തടയാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ കർമ്മപദ്ധതി തയ്യാറാക്കുന്നതിന് പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൃഷിയിടങ്ങൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതും നശിപ്പിക്കുന്നതും സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ടെന്നും കേന്ദ്രമാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂവെന്നും വന്യമൃഗങ്ങൾക്ക് കാടിനുള്ളിൽത്തന്നെ

ഭക്ഷണവും വെള്ളവും ഉറപ്പാക്കുന്ന നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*63) <u>മത്സ്യവിത്ത് ഉല്പാദനത്തിൽ സ്വയംപര്യാപ്തത</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഉൾനാടൻ മത്സ്യക്കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും 'ജനകീയ മത്സ്യക്കൃഷി' നടപ്പിലാക്കിവരുന്നുണ്ടെന്നും ഇതിനായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും 'എവിടെല്ലാം ജലാശയം അവിടെല്ലം മത്സ്യകൃഷി' എന്ന ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യവിത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഹാച്ചറികളുടെ നവീകരണത്തിനും പുതിയവയുടെ നിർമ്മാണത്തിനും വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ഉൾനാടൻ മത്സ്യമേഖല വികസനം, ആർ.ഐ.ഡി.എഫ്. എന്നിവയിൽ ഉൾപ്പെടുത്തി യഥാക്രമം 50.4 കോടി രൂപയുടെയും 37.54 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ഫിഷ്സീഡ് ഫാമുകൾ, ഹാച്ചറികൾ, അക്വേറിയങ്ങൾ എന്നിവയുടെ മത്സ്യക്കുഞ്ഞുല്പാദന

പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളിലും മത്സ്യകൃഷി നടത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുളങ്ങളിലും ചിറകളിലും മത്സ്യകൃഷി നടത്തുന്നതാണെന്നും ഉൾനാടൻ മത്സ്യകൃഷിക്ക് സബ്സിഡി നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.